പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 777 | 11.03.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>" വർക്കല കഹാർ<br>" ബെന്നി ബെഹനാൻ<br>" സണ്ണി ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽസമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | മാനസിക രോഗം ഭേദമായതും തുടർ ചികിത്സ ആവശ്യമുള്ളവർക്കും വേണ്ടിയാണ് പകൽ വീടുകൾ ആരംഭിച്ചിട്ടുള്ളത്. മാനസികാരോഗ്യം ഭേദമായവർക്കും തുടർ ചികിത്സ വേണ്ടവർക്കും സ്വയം പര്യാപ്തമാകുവാനും സമൂഹവുമായി കൂടുതൽ ഇടപഴകുവാനുള്ള അവസരവും ടി കേന്ദ്രങ്ങളിലൂടെ സാധ്യമാകുന്നതാണ്. |
| ബി | ഏതെല്ലാം ജില്ലകളിൽ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ; | ബി | കണ്ണൂർ ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും പകൽ വീടുകൾ തുടങ്ങിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഇവർക്കുള്ള പകൽ സമയ ശുശ്രൂഷകൾ, അവർക്ക് ആവശ്യമായ മരുന്നുകൾ, ഭക്ഷണം എന്നിവ സൗജന്യമായി നൽകി വരുന്നു. കൂടാതെ തൊഴിൽ പരിശീലനവും അന്തേവാസികളുടെ മാനസികോല്ലാസത്തിനുള്ള പരിപാടികളും നടത്തിവരുന്നു. കൂടാതെ കൗൺസിലറുടെ സേവനവും, ഡോക്ടറുടെ സേവനവും നൽകി വരുന്നു. |
| സി | എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ? | സി | കണ്ണൂർ ജില്ലയിൽ ആരംഭിച്ചിട്ടില്ല. പദ്ധതി ജില്ലയിൽ നടപ്പിലാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ എന്നിവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ